JAGRATHA 105

Vol-3, N0:30
28-08 - 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## ഏവർക്കും ഐശ്വര്യത്തിന്റേയും സമൃദ്ധിയുടേയും പൊന്നോണാശംസകൾ



## പ്രധാനവാർത്തകൾ

01. ആതുരശുശ്രൂഷകർ ദൈവിക പദ്ധതിയുടെ ഉപകരണങ്ങളാകണം : മാർ ക്ലീമിസ് ബാവ

02. ധാർമിക മൂല്യങ്ങളിൽ അടിയുറച്ച വിശ്വാസം ഇന്നിന്റെ ആവശ്യം : മാർ താഴത്ത്

03. സ്വാശ്രയ പ്രശ്നം : ജുഡീഷ്യൽ അന്വേഷണം വേണമെന്ന് സിഎൽസി

04. വിദ്യാഭ്യാസ പുരോഗതിയിൽ സ്വകാര്യമേഖലയുടെ പങ്ക് വലുത് : ഉമ്മൻചാണ്ടി

05. ഹൈക്കോടതി ഉത്തരവ് ന്യൂനപക്ഷ പീഡനങ്ങൾക്കുള്ള തിരിച്ചടി : ഇന്റർ ചർച്ച് കൗൺസിൽ

06. മൂലമ്പിള്ളി കുടിയൊഴിപ്പിക്കൽ : മനുഷ്യാവകാശ ലംഘനം നടത്തിയവരെ മാതൃകാപരമായി ശിക്ഷിക്കണം : കെസിബിസി ജാഗ്രതാസമിതി

## 01. ആതുരശുശ്രൂഷകർ ദൈവിക പദ്ധതിയുടെ ഉപകരണങ്ങളാകണം : മാർ ക്ലീമിസ് ബാവ

ആതുര ശുശ്രൂഷകർ ദൈവിക പദ്ധതിയുടെ ഉപകരണങ്ങളാകണമെന്ന് മലങ്കര കത്തോലിക്കാസഭ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ ആരംഭിച്ച കാത്തലിക് നഴ്സിംഗ് ഗിൽഡ് ഓഫ് ഇന്ത്യ സൗത്ത് വെസ്റ്റ് റീജണിന്റെ ത്രിദിന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വേദനിക്കുന്നവർക്ക് കരുണയും സ്നേഹവും പകർന്നുനൽകുന്നതുവഴി ദൈവസ്നേഹമാണ് ആതുരശുശ്രൂഷകർ പകർന്നു നൽകുന്നത്. രോഗാവസ്ഥയിലാണ് പലരും ദൈവത്തിലേക്ക് തിരിയുന്നത്. ശുശ്രൂഷ സമൂഹത്തെയും രാജ്യത്തെയും സേവിക്കുന്നതിന് കൂടുതൽ പര്യാപ്തമാകണം : കാതോലിക്കാബാവ പറഞ്ഞു. വിവിധ സഭാസംവിധാനങ്ങളിൽ സഭയുടെ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് ആവശ്യമാണെന്ന് ചടങ്ങിൽ പ്രഭാഷണം നടത്തിയ സിഎൻസിഐ ദേശീയ എക്ലീസിയാസ്റ്റിക്കൽ ഉപദേശകൻ ഫാ.ടോമി കരിയിലക്കുളം വ്യക്തമാക്കി. ദേശീയ പ്രസിഡന്റ് സിസ്റ്റർ ആനി ജോൺ, പ്രോഗ്രാം ചെയർപേഴ്സൺ സിസ്റ്റർ ശോഭിത, സിസ്റ്റർ സിൽവിയ തോമസ് എന്നിവർ പ്രസംഗിച്ചു. എത്തിക്കൽ കൺസേൺ ഇൻ നഴ്സിംഗ് കെയർ എന്ന വിഷയത്തിൽ ഫാ.ഫ്രാൻസിസ് ക്ലാസെടുത്തു. പെരുമ്പുഴ മാർ ജൂവാനിയോസ് നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ കാഞ്ചന അധ്യക്ഷയായിരുന്നു.

## 02. ധാർമിക മൂല്യങ്ങളിൽ അടിയുറച്ച വിശ്വാസം ഇന്നിന്റെ ആവശ്യം : മാർ താഴത്ത്

മൂല്യങ്ങളെ കാറ്റിൽ പറത്തുന്ന ഇന്നത്തെ കാലഘട്ടത്തിൽ കറകളഞ്ഞതും ധാർമികമൂല്യങ്ങളിൽ അടിയുറച്ചതുമായ വിശ്വാസ പരിശീലനം സാധ്യമാക്കണമെന്ന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. അതിരൂപത മതബോധനകേന്ദ്രത്തിൽ നടന്ന അവാർഡ്ദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. അതിരൂപതയിൽ മതബോധന പരീക്ഷകൾക്ക് റാങ്കുനേടിയ വിദ്യാർഥികൾക്കുള്ള പുരസ്കാരങ്ങൾ സമ്മാനിച്ചു. ഡിസ്ട്രിക്ട് ജഡ്ജ് മേരി ജോസഫ് അധ്യക്ഷത വഹിച്ചു. അഞ്ചുവർഷം മതബോധന ഡയക്ടറായിരുന്ന ഡോ. ലോറൻസ് തൈക്കാട്ടിലിനു മതബോധന കേന്ദ്രത്തിന്റെ പ്രത്യേക സമ്മാനം നൽകി. മതബോധന ഡയറക്ടർ ഫാ. ജിഫി മേക്കാട്ടുകുളം, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ലിജോ ചാലിശേരി, ബെസ്റ്റ് യൂണിറ്റ് വികാരി ഫാ. ജേക്കബ് എടക്കളത്തൂർ, പി.എം.സേവ്യർ മാസ്റ്റർ, അതിരൂപത പി.ടി.എ പ്രസിഡന്റ് വറീത് തരകൻ, ഫ്രാൻസിസ് ഇമ്മട്ടി, സെക്രട്ടറി ലിജോ ജോസ്, എം.ആർ.മേരി ടീച്ചർ, അന്ന മേരി ഈപ്പൻ എന്നിവർ പ്രസംഗിച്ചു. അതിരൂപതയിലെ ബെസ്റ്റ് യൂണിറ്റായി തലക്കോട്ടുകര സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ചിനെ തെരഞ്ഞെടുത്തു. ഫൊറോനതലത്തിൽ മാതൃകാ യൂണിറ്റുകളായി അരണാട്ടുകര, പറവട്ടാനി, കിള്ളിമംഗലം, മങ്ങാട് ഈസ്റ്റ്, തൊയക്കാവ്, വിയ്യൂർ, കൂനംമൂച്ചി, വെങ്ങിണിശേരി, ബ്രഹ്മകുളം, പുറനാട്ടുകര, പീച്ചി, വലപ്പാട്, മണ്ണംപേട്ട, പുത്തൂർ, തലക്കോട്ടുകര, തിരൂർ എന്നീ യൂണിറ്റുകളെ തെരഞ്ഞെടുത്തു. അതിരൂപതയിലെ മാതൃകാ അധ്യാപകരായി എം.ആർ.മേരി, സി.ടി.ഫ്ളോറി, ടി.വി.ഔസേപ്പ്, ടി.കെ.ജോസ്, എൻ.വി.മേരി എന്നിവരെ തെരഞ്ഞെടുത്തു.

## 03. സ്വാശ്രയ പ്രശ്നം : ജുഡീഷ്യൽ അന്വേഷണം വേണമെന്ന് സിഎൽസി

സർക്കാരുമായി കരാറിലേർപ്പെട്ട സ്വാശ്രയ പ്രഫഷണൽ കോളജുകളിലെ കോഴയുമായി ബന്ധപ്പെട്ട വെളിപ്പെടുത്തലുകൾ തള്ളിക്കളയരുതെന്ന് സിഎൽസി സംസ്ഥാന സെക്രട്ടറിയേറ്റ് പത്രക്കുറുപ്പിൽ ആവശ്യപ്പെട്ടു. സുതാര്യമായ വ്യവസ്ഥകളോടെ അഡ്മിഷൻ നടത്തുന്ന ഇന്റർചർച്ച് കൗൺസിലിലെ സ്ഥാപനങ്ങളിലെ കുറ്റപ്പെടുത്തിയവർ സമൂഹത്തോട് പരസ്യമായി മാപ്പു പറയണമെന്നും സിഎൽസി ആവശ്യപ്പെട്ടു.യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് സണ്ണി പൗലോസ് അധ്യക്ഷനായിരുന്നു. ഫാ.ജോസ്

വയലിക്കോടത്ത്, ഡെന്നീസ് കെ.ആന്റണി, റിജു കാഞ്ഞൂക്കാരൻ, സിസ്റ്റർ ജ്യോതിസ്, സി.ഡി ജോസ് ചക്യേത്ത്, എ.ഡി ഷാജു എന്നിവർ പ്രസംഗിച്ചു.

## 04. വിദ്യാഭ്യാസ പുരോഗതിയിൽ സ്വകാര്യമേഖലയുടെ പങ്ക് വലുത് : ഉമ്മൻചാണ്ടി

സ്വകാര്യമേഖലയുടെ ശക്തമായ ഇടപെടലും സാന്നിധ്യവുമാണ് കേരളത്തിന്റെ വിദ്യാഭ്യാസ വളർച്ചയ്ക്ക് അടിത്തറയെന്ന് പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി. അസംപ്ഷൻ കോളജ് വജ്രജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഉന്നത വിദ്യാഭ്യാസരംഗത്ത് കേരളം വെല്ലുവിളികൾ നേരിടുകയാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കൂട്ടായ പരിശ്രമം നടത്തിയില്ലെങ്കിൽ വലിയ തിരിച്ചടികൾ നേരിടേണ്ടിവരും. കേരളത്തിൽ എല്ലാവരും പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിനാൽ പാർലമെന്റ് പാസാക്കിയ വിദ്യാഭ്യാസ അവകാശനിയമത്തിന് കേരളത്തിൽ പ്രസക്തി കുറവാണെന്നും ഉമ്മൻചാണ്ടി കൂട്ടിച്ചേർത്തു. കഴിഞ്ഞ അറുപതു വർഷങ്ങളായി വിദ്യാഭ്യാസരംഗത്ത് അസംപ്ഷൻ കോളജ് അഭിമാനിക്കാവുന്ന ചരിത്രനേട്ടങ്ങളാണ് സമ്മാനിച്ചിട്ടുള്ളതെന്നും ഉമ്മൻചാണ്ടി അഭിപ്രായപ്പെട്ടു. സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിന്റെ ശിലാസ്ഥാപനവും അദ്ദേഹം നിർവഹിച്ചു. ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ മുഖ്യപ്രഭാഷണം നടത്തി. ക്രൈസ്തവസഭ വനിതാ വിദ്യാഭ്യാസത്തിന് എന്നും പ്രാധാന്യം നൽകിയിരുന്നു. അതിന്റെ തുടർച്ചയായാണ് ചങ്ങനാശേരി രൂപതയുടെ ബിഷപ്പായിരുന്ന മാർ ജയിംസ് കാളാശേരി അസംപ്ഷൻ കോളജിനു തുടക്കമിട്ടത്.സാങ്കേതിക വിദ്യാഭ്യാസവും സ്വാതന്ത്ര്യവും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി വിനിയോഗിക്കാൻ ഉപകരിക്കണമെന്നും ആർച്ച്ബിഷപ് മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു.

## 05. ഹൈക്കോടതി ഉത്തരവ് ന്യൂനപക്ഷ പീഡനങ്ങൾക്കുള്ള തിരിച്ചടി : ഇന്റർ ചർച്ച് കൗൺസിൽ

ന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശം അടിയറവുവച്ച് കരാർ ഒപ്പിടാൻ തയാറാകാതിരുന്ന, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള, നാലു സ്വാശ്രയ പ്രഫഷണൽ കോളജുകളുടെ റദ്ദു ചെയ്ത അഫിലിയേഷൻ പുന:സ്ഥാപിക്കാനുള്ള ഹൈക്കോടതിയുടെ വിധിതീർപ്പ് സർക്കാരിന്റെ ന്യൂനപക്ഷ പീഡനങ്ങൾക്കുള്ള തിരിച്ചടിയാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ വക്താവ് റവ.ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ. ഭരണഘടനയെയും കോടതിവിധിയെയും മാനിക്കാത്തതുകൊണ്ടാണ് സർക്കാർ ഇതുപോലുള്ള തിരിച്ചടികൾ നേരിടുന്നത്. ഏറ്റവും ഉന്നതനിലയിൽ പ്രവർത്തിക്കുന്ന തൃശൂർ അമല, ജൂബിലി എന്നീ മെഡിക്കൽ കോളജുകളെയും സഹൃദയ, ജ്യോതി എന്നീ എൻജിനീയറിംഗ് കോളജുകളെയും തിരഞ്ഞുപിടിച്ച് അഫിലിയേഷൻ റദ്ദു ചെയ്തത് ക്രൈസ്തവ ന്യൂനപക്ഷങ്ങളോടുള്ള പകപോക്കലായിട്ടാണ് കാണാൻ കഴിയുന്നത്. ആയിരക്കണക്കിന് വിദ്യാർഥികളുടെ ഭാവി പന്താടുന്നതിൽ സന്തോഷം കണ്ടെത്തുകയും അതിനു പ്രചാരണം നൽകുകയുമായിരുന്നു യൂണിവേഴ്സിറ്റി അധികൃതർ. വിദ്യാർത്ഥി പ്രവേശനകാലത്തു നടത്തുന്ന ഇതുപോലുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ വഴി ഇവിടെ വിദ്യാഭ്യാസരംഗത്തു പ്രതിസന്ധി സൃഷ്ടിക്കാനും അതുവഴി മറ്റു സംസ്ഥാനങ്ങളിലേക്കു വിദ്യാർത്ഥികൾ പ്രവഹിക്കാനും സാഹചര്യമൊരുക്കാൻ കരാറെടുത്തവരെപ്പോലെയാണ് വിദ്യാഭ്യാസ വകുപ്പു പ്രവർത്തിക്കുന്നത്. കോടികളുടെ കമ്മീഷൻ പറ്റിയാണ് ഈ വിദ്യാഭ്യാസ മൊത്തകച്ചവടം നടത്തുന്നതെന്നും ആക്ഷേപം ഉണ്ട്. ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി അനുദിനം കോടതി കയറേണ്ട ഗതികേടിലാണ് ഇവിടുത്തെ ന്യൂനപക്ഷങ്ങൾ. നൂറിൽപ്പരം കേസുകളാണ് ഈ അവകാശങ്ങൾ സർക്കാർ കൈയേറുന്നതിനെതിരെ

ഇപ്പോൾത്തന്നെ ഉള്ളത്. ന്യൂനപക്ഷസംരക്ഷകർ എന്ന് നിരന്തരം വീമ്പിളക്കുന്നവരാണ് ഇതുപോലെ സാമൂഹ്യവിരുദ്ധവും വിദ്യാർഥിവിരുദ്ധവും, ന്യൂനപക്ഷ വിരുദ്ധവുമായ നിലപാടുകളിലേക്ക് പോകുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

## 06. മൂലമ്പിളളി കുടിയൊഴിപ്പിക്കൽ : മനുഷ്യാവകാശ ലംഘനം നടത്തിയവരെ മാതൃകാപരമായി ശിക്ഷിക്കണം : കെസിബിസി ജാഗ്രതാസമിതി

വല്ലാർപാടം പദ്ധതിയ്ക്കായി ബലം പ്രയോഗിച്ച് കുടിയൊഴിപ്പിക്കൽ നടത്തിയ മൂലമ്പിളളിയിൽ മനുഷ്യാവകാശലംഘനം നടന്നിട്ടുണ്ടെന്ന സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ കണ്ടെത്തലുകളെ കെസിബിസി ജാഗ്രതാസമിതി സ്വാഗതം ചെയ്തു. അതിക്രമങ്ങളിൽ കുറ്റക്കാരായ ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും മനുഷ്യാവകാശ കമ്മീഷന്റെ വിധിയെ സംസ്ഥാന സർക്കാർ ഗൗരവമായി കാണണമെന്നും കെസിബിസി ജാഗ്രതാസമിതി സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു. മൂലമ്പിളളിയിലെ കുടിയിറക്കപ്പെട്ടവർക്ക് നിഷേധിച്ച നീതി ലഭ്യമാക്കണമെന്നും കുടിയിറക്കപ്പെട്ട വ്യക്തികൾക്കും കുടുംബങ്ങൾക്കും ഉണ്ടായിട്ടുളള നഷ്ടങ്ങൾ നികത്തണമെന്നും ജാഗ്രതാസമിതി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

**കൂടുതൽ സഭാവാർത്തകൾക്ക് ബ്ലോഗ് സന്ദർശിക്കുക**

**jagrathakcbc.blogspot.com**